ഉത്തരം

(എ) അടൂർ-17, പത്തനംതിട്ട-16, കോന്നി-20, റാന്നി-20, മല്ലപ്പള്ളി-16, തിരുവല്ല-16.

(ബി) ഇപ്പോൾ ഒഴിവുകളൊന്നും നിലവിലില്ല.

(സി) ബാധകമല്ല.

ചാത്തന്നൂർ എക്സൈസ് റേഞ്ചോഫീസിന്റെ പുതിയ കെട്ടിടനിർമ്മാണം

117 [1920] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ചാത്തന്നൂരിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടികൾ ആയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഇക്കാര്യത്തിൽ നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

എക്സൈസ് ഗാർഡ് നിയമനം

118 [1921] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഗാർഡുകളുടെ നിയമനത്തിനായി ഏതെല്ലാം ജില്ലയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ ജില്ലയിൽനിന്നും എത്ര പേരെ ലിസ്റ്റിൽനിന്നും നിയമിച്ചു എന്ന് വെളിപ്പെടുത്താമോ;

(സി) കൊല്ലം ജില്ലയിൽ ഗാർഡുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അവ നികത്താൻ എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ;

(ഡി) എക്സൈസ് ഗാർഡുമാരുടെ സേവനം വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണോ;

(ഇ) നിലവിലുണ്ടായിരുന്ന എക്സൈസ് ഗാർഡ് പോസ്റ്റ് നിറുത്തുകയോ നിറുത്തുവാനോ ഉദ്ദേശിക്കുന്നുണ്ടോ എന്നും എങ്കിൽ അതിനുള്ള കാരണവും വെളിപ്പെടുത്തുമോ;

(എഫ്) ഗാർഡ് തസ്തിക, പ്രിവന്റീവ് ഓഫീസർ തസ്തിക എന്ന് മാറ്റിയിട്ടുണ്ടോ എന്നും മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും എങ്കിൽ അതിനുള്ള കാരണവും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാലക്കാട് ജില്ല ഒഴികെ സംസ്ഥാനത്തെ മറ്റു എല്ലാ ജില്ലകളിലും എക്സൈസ് ഗാർഡ് തസ്തികയ്ക്കുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ആറ് (6) ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കുന്നതിനായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ആവശ്യമാണ്.

(ഇ ആന്റ് എഫ്) എക്സൈസ് ഗാർഡ് തസ്തിക പ്രിവന്റീവ് ആഫീസർ തസ്തികയായി മാറ്റിയിട്ടില്ല. മാറ്റുവാൻ ഉദ്ദേശ്യമില്ല. എന്നാൽ വകുപ്പിന്റെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി രൂപീകരിച്ച എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയിൽ ഓരോ ജില്ലയിലേയും 5 എക്സൈസ് ഗാർഡ് തസ്തിക പ്രിവന്റീവ് ആഫീസർ തസ്തികയായി ഉയർത്തിയിട്ടുണ്ട്.

മദ്യ നിരോധനത്തിന് നടപടി

119 [1922] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് മൊത്തം എത്ര വിദേശ ചില്ലറ മദ്യവിൽപ്പന ശാലകൾ ആരംഭിച്ചു എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ആരംഭിച്ച സ്ഥലവും ലൈസൻസിയുടെ പേരും ലഭ്യമാക്കുമോ;

(ഡി) ഘട്ടംഘട്ടമായുള്ള മദ്യനിരോധനം എന്ന വാഗ്ദാനം നടപ്പാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 106 വിദേശ ചില്ലറ മദ്യവിൽപ്പന ശാലകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 48 പുതിയ ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

(സി) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly